തൊഴിൽ തുടങ്ങുന്നതിനായി ഇന്റർവ്യൂ നടത്തി അനുമതി നൽകിയിട്ടുണ്ട്.

(ബി) നെടുമങ്ങാട് താലൂക്കിന്റെ കീഴിലുള്ള 35 ബാങ്കുകളിൽ നിന്നായി 1998-99 വർഷത്തിൽ 285 പേർക്ക് 1,45,76,211 രൂപയും 1999-2000 വർഷത്തിൽ 138 പേർക്ക് 71,33,328 രൂപയും 2000-2001 വർഷത്തിൽ 13 പേർക്ക് 7,57,500 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. ബാങ്കുകളുടെ പേരും ഓരോ ബാങ്കും വിതരണം ചെയ്ത തുക സംബന്ധിച്ച വിവരവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ടാസ്ക്ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുത്തതിൽ 1998-99 വർഷത്തിൽ 308 പേർക്കും 1999-2000-ൽ 406 പേർക്കും ധനസഹായം നൽകിയിട്ടില്ല. 2000-2001 വർഷത്തിലെ ധനസഹായത്തിന്റെ വിവരം 2001 മാർച്ച് 31-ാം തീയതിയോടുകൂടിയേ കൃത്യമായി ലഭിക്കുകയുള്ളൂ.

(ഡി) ടാസ്ക് ഫോഴ്സ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന എല്ലാ അപേക്ഷകരേയും ബാങ്ക് പരിഗണിക്കേണ്ടതില്ല. ഓരോ ബാങ്ക് ബ്രാഞ്ചിനും നൽകിയിട്ടുള്ള ലക്ഷ്യം മാത്രം ബാങ്ക് പരിഗണിച്ചാൽ മതിയാകുന്നതാണ്. പി.എം.ആർ. വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാലും വായ്പ സഹായം നൽകുന്നത് ബാങ്കുകൾ മുഖേന ആയതിനാലും ബാങ്കുകൾക്ക് എതിരായ പരാതികളിൻമേൽ സംസ്ഥാന സർക്കാരിന് നേരിട്ട് നടപടി സ്വീകരിക്കുന്നതിന് സാദ്ധ്യമല്ല. എന്നാൽ എന്തെങ്കിലും പരാതി ഉണ്ടാകുന്നപക്ഷം അവ ജില്ലാതല/സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും റിസർവ് ബാങ്കിന്റെയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താറുണ്ട്.

(ഇ) പരമാവധി അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

"ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" സഹായം

23 (537)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വ്യവസായ വകുപ്പ്, കായിക പ്രതിഭ പി.ടി.ഉഷയുടെ നേതൃത്വത്തിലുള്ള "ഉഷ സ്കൂൾ ഓഫ് അത്ലറ്റിക്സിന്" എന്തെല്ലാം സഹായം നല്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇതിനായി 30 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് കിൻഫ്രായെ നോഡൽ ഏജൻസി ആക്കാനുള്ള ഒരു നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നതേയുള്ളൂ.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly